പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: **1125** 08.02.2013-ൽ മറുപടിക്ക്.

## പ്രീപ്രൈമറി അദ്ധ്യാപകരുടെ വേതനം

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. റ്റി. വി. രാജേഷ് : | | ശ്രീ.പി.കെ.അബ്ദു റബ്ബ് :<br>(ബഹു. വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്തെ സർക്കാർ സ്കൂളുകളിൽ പ്രീ-പ്രൈമറി അദ്ധ്യാപകർ, ആയമാർ എന്നിവർക്ക് മെച്ചപ്പെട്ട ശമ്പളം നൽകണമെന്ന കോടതി വിധിയുടെ അടിസ്ഥാനത്തിൽ എന്തൊക്കെ നടപടികളാണ്. സ്വീകരിച്ചിട്ടുളളത്: വിശദാംശം നൽകാമോ; | (എ) | ബഹു. കോടതി നിർദ്ദേശിച്ച തരത്തിൽ പ്രീ-പ്രൈമറി അദ്ധ്യാപകരുടേയും, ആയമാരുടേയും ഓണറേറിയം 7/12/12 ലെ സർക്കാർ ഉത്തരവ് (എം.എസ്) നം. 385/12/പൊ.വി പ്രകാരം ഉയർത്തി നിശ്ചയിക്കുകയും ഇതിലേയ്ക്ക് വേണ്ടി വരുന്ന തുക 29/1/13 ലെ സർക്കാർ ഉത്തരവ് (സാധാ) നം. 693/13/ഫിൻ പ്രകാരം അനുവദിക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) പ്രീ-പ്രൈമറി സ്കൂൾ അദ്ധ്യാപകർക്ക് പുതുക്കി നിശ്ചയിച്ചിട്ടുള്ള യോഗ്യതകൾ എന്തൊക്കെയാണ്: വർഷങ്ങളായി പ്രീ-പ്രൈമറി അദ്ധ്യാപക ജോലി ചെയ്യുന്ന, പുതുക്കി നിശ്ചയിച്ച യോഗ്യത ഇല്ലാത്തവർക്കും മെച്ചപ്പെട്ട വേതനം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ ? | (ബി) | പ്രീ-പ്രൈമറി ജീവനക്കാരുടെ യോഗ്യത പുതുക്കി നിശ്ചയിച്ചിട്ടില്ല. നിർദ്ദിഷ്ട യോഗ്യതയില്ലാത്തതും 01/08/2012 ൽ ഒരു വർഷമെങ്കിലും സേവനം പൂർത്തിയാക്കിയതുമായ മുഴുവൻ പ്രീ-പ്രൈമറി ജീവനക്കാർക്കും വർദ്ധിപ്പിച്ച നിരക്കിൽ ഓണറേറിയം അനുവദിക്കാൻ സർക്കാർ തത്വത്തിൽ തീരുമാനിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ